**ഫോറം നമ്പർ 7**

**(ചട്ടം 18(1) കാണുക)**

**വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം**

സി2-12783/17 തീയതി :14.01. 2019

---

കേരള സർക്കാർ 21.05.2018 തീയതിയിലെ സ.ഉ.(സാധാരണ) നമ്പർ 26/2018/റവ വിജ്ഞാപനപ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ (എൽ എ) റെയിൽവേ, പെരുമ്പാവൂരിനെ നിയമിച്ചിരിക്കുന്നതിനാലും,

അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം പൊന്നുംവില (എൽ.എ) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും.

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് അങ്കമാലി ശബരി റെയിൽവെ പദ്ധതിയിൽ നായത്തോട് സബ്‌വെ നിർമ്മാണത്തിനായി ആവശ്യമുണ്ടോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമായതിനാലും

ഇപ്പോൾ, തന്മൂലം അതുമായി ബന്ധപ്പെട്ട എല്ലാവർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ടിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ, ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസങ്ങൾക്കകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേ, പൊരുമ്പാവൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംഗ്രഹം താഴെ ചേർത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ ( ernakulam.gov.in) പ്രസിദ്ധികരിച്ചിട്ടുള്ളതും, എറണാകുളം കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ(എൽ.എ) റെയിൽവേ പെരുമ്പാവൂർ എന്നീ കാര്യാലയങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

## പട്ടിക

ജില്ല : എറണാകുളം

താലൂക്ക് : ആലുവ

വില്ലേജ് : അങ്കമാലി

ബ്ലോക്ക് : 12

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന്റെ കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 259/12 | പുരയിടം | 0.0110 ഹെക്ടർ | നായത്തോട് സബ് -വേ | മാറ്റി പാർപ്പിക്കുന്നില്ല | എം.ജി.ശ്രീകുമാർ അരുണാലയം വീട് നായത്തോട്, അങ്കമാലി. |
| 2 | 259/1-2 | പുരയിടം | 0.0130 ഹെക്ടർ | നായത്തോട് സബ് -വേ | മാറ്റി പാർപ്പിക്കുന്നില്ല | വി.എൻ. മുകുന്ദൻ പറമ്പത്തുകടി വീട് നായത്തോട്, അങ്കമാലി. |

**ആകെ വിസ്തീർണ്ണം = 0.0240 ഹെക്ടർ**

## സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 (RFCTLARR Act 2013) പ്രകാരം ആലുവ താലൂക്ക് അങ്കമാലി വില്ലേജ്, സർവ്വെ നമ്പർ 259 എന്ന നമ്പറിൽ പെട്ട 0.0240 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി RFCTLARR Act 2013 വകുപ്പ് (4) പ്രകാരവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ( RFCTLARR Act 2015) ചട്ടം 11(3) പ്രകാരവും ഉളള പൊന്നുംവില നടപടിയായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, കോതമംഗലം എന്ന എസ്.ഐ.എ യൂണിറ്റിനെ സമുചിത സർക്കാരായ ജില്ലാ കളക്ടർ നിയമിച്ചിട്ടുള്ളതും എസ്.ഐ.എ യൂണിറ്റ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. കേരള സംസ്ഥാനത്തിന്റെ റെയിൽപ്പാത വികസന പ്രധാന നാഴികക്കല്ലായി മാറുന്ന അങ്കമാലി ശബരി റെയിൽവെ പദ്ധതിയിൽ റെയിൽവേ സബ് -വെ അനിവാര്യമാണെന്നും, ഏറ്റവും ചെലവ് കുറഞ്ഞതും അനുയോജ്യവുമായതുമാണ് നിർദ്ദിഷ്ട സ്ഥലങ്ങളെന്നും, സ്ഥലമുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാവുന്നതാണെന്നും, അങ്കമാലി - ശബരി പദ്ധതിയിൽ മേൽ പ്രസ്താവിച്ച റെയിൽവേ സബ് -വെ നിർമ്മിക്കുന്നതുമൂലം ഉണ്ടാവുന്ന നേട്ടങ്ങൾ സാമൂഹ്യ ചെലവിനേയും പ്രതികൂല സാമൂഹ്യ പ്രത്യാഘാതത്തേയും അപേക്ഷിച്ച് വളരെ മൂല്യമുള്ളതാണെന്നും, ആയതിനാൽ ടി പദ്ധതി 2013 ലെ 30-ാം നമ്പർ കേന്ദ്ര ആക്ടിലെ വകുപ്പ് 2 (1), ബി(1)p എന്നിവ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവചനത്തിൽ വരുന്നതിനാൽ പൊതുജന താൽപ്പര്യത്തെ മുൻനിർത്തി ഒഴിവാക്കാനാവാത്ത ആവശ്യവുമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ടി പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളും, ശുപാർശകളും വിശകലനം ചെയ്യുവാനായി RFCTLARR Act 2013, വകുപ്പ് (7) പ്രകാരം ജില്ലാ കളക്ടർ രൂപീകരിച്ച, സ്പെഷ്യൽ തഹസിൽദാർ (എൽ എ) റെയിൽവേ പെരുമ്പാവൂർ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ടിനും അങ്കമാലി - ശബരി

പദ്ധതിയിലെ മേൽ പ്രസ്താവിച്ച നിർദ്ദിഷ്ട റെയിൽവേ സബ്‌വെ ക്കായിട്ടുള്ള പൊന്നും വില നടപടികൾക്കും 29/12/2018 തീയതിയിലെ സി2-12783/2017 നമ്പർ നടപടിക്രമം പ്രകാരം ജില്ലാ കളക്ടർ അംഗീകാരം നൽകി ഉത്തരവായിട്ടുള്ളതാണ്.

ജില്ലാ കളക്ടർ